# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടറൈസേഷൻ - കൂടുതൽ കാര്യക്ഷമമാക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുന്ന സംഗതി - ദേവസ്വം ബോർഡിൽ ഐ. റ്റി ഡിവിഷൻ രൂപീകരിച്ച് ഉത്തരവാകുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 16335/17/EDP    തിരുവനന്തപുരം, തീയതി 25/11/2017

---

പരാമർശം :    21/11/2017 ലെ ബോർഡ് തീരുമാനം

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ ആദ്യഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. ശബരിമല അക്കോമഡേഷൻ, വഴിപാടു കൗണ്ടർ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം ഈ സീസൺമുതൽ പൂർണ്ണ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരികയാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ ഏകീകരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണന്ന് ബോർഡ് കരുതുന്നു. നിലവിൽ ''കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷൻ ടെക്നോളജി'' വിഭാഗം രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം പൂർണ്ണ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച നിലവിലുള്ള പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിന്റെയും ഭാഗമായി ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ ബോർഡ് കൈക്കൊള്ളുന്നു.

1. നിലവിലുള്ള പ്രോജക്ട് മാനേജരുടെ കാലാവധി 21/02/2018 ൽ അവസാനിക്കുന്നതോടെ വീണ്ടും കാലാവധി ദീർഘിപ്പിക്കേണ്ടതില്ലാ എന്നു തീരുമാനിച്ചുത്തരവാകുന്നു.
2. നിലവിലെ കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷൻ ടെക്നോളജി വിഭാഗം ''ദേവസ്വം ബോർഡ് ഐ.റ്റി ഡിവിഷൻ'' എന്ന പേരിൽ ഒരു ദേവസ്വം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ മേൽനോട്ടത്തിൽ പുന:സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചുത്തരവാകുന്നു.
3. ദേവസ്വം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ മേൽ നോട്ടത്തിൽ കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് ബിരുദവും, പ്രോജക്ട് അസിസ്റ്റൻസിൽ പരിചയസമ്പന്നതയും ഉള്ള പുരുഷ ഉദ്യോഗസ്ഥനെ കോൺട്രാക്ട് വ്യവസ്ഥയിൽ സീനിയർ ഐ.റ്റി ടെക്നിക്കൽ കൺസൾട്ടന്റ് ആയി നിയോഗിക്കുന്നതിനും, കമ്പ്യൂട്ടർ സോഫ്റ്റുവെയർ വിഭാഗത്തിൽ ബിരുദമുള്ള ഒരാളെയും, കമ്പ്യൂട്ടർ ഹാർഡുവെയർ വിഭാഗത്തിൽ ബിരുദമുള്ള ഒരാളെയും അസിസ്റ്റന്റ് കൺസൾട്ടന്റുമാരായി കോൺട്രാക്ട് വ്യവസ്ഥയിൽ നിയോഗിക്കുന്നതിനും കൂടാതെ ദേവസ്വം ബോർഡിലെ ഒരു അസിസ്റ്റന്റ് കമ്മീഷണർ റാങ്കിലും, ഒരു ജൂനിയർ സൂപ്രണ്ട് റാങ്കിലും, ഒരു സീനിയർ ക്ലാർക്ക് റാങ്കിലും ഉള്ള

ജീനവക്കാരെയും ഒരു പ്യൂണിനെയും വർക്കിംഗ് അറേഞ്ച്മെന്റിലും, കമ്പ്യൂട്ടർ ഹാർഡുവെയറിൽ ഡിപ്ലോമയും എക്സ്പീരിയൻസും ഉള്ള മൂന്നു പേരെ കോൺട്രാക്ട് വ്യവസ്ഥയിലും നിയോഗിക്കുന്നതിനു തീരുമാനിക്കുന്നു. കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നവരുടെ നിയമനത്തിന് ബഹു. ഹൈക്കോടതിയുടെ അംഗീകാരം വാങ്ങുന്നതിന് ദേവസ്വം കമ്മീഷണർ, ലോ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

4. ഐ.റ്റി വിഭാഗം എന്നത് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായാലും ഇടതടവില്ലാതെ പ്രവർത്തിക്കേണ്ട വിഭാഗമായതിനാലും, ഇതിലേക്ക് ഒരു സ്ഥിരം സംവിധാനം ആവശ്യമാകയാലും കമ്പ്യൂട്ടർ സയൻസിൽ ബിരുദധാരിയായ ഒരു അസിസ്റ്റന്റ് എഞ്ചിനിയറെയും, കമ്പ്യൂട്ടർ ഡിപ്ലോമ ഉള്ള ഒരു ഓവർസിയറെയും സ്ഥിര നിയമനം നടത്തുന്നതിലേക്ക് പ്രസ്തുത പോസ്റ്റുകൾ അനുവാദത്തിനായി ബഹു. ഹൈക്കോടതിയിൽ അപേക്ഷ ഫയൽ ചെയ്യുന്നതിനു ദേവസ്വം കമ്മീഷണർ, ലോ ആഫീസർ എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

Jayasree. S

സെക്രട്ടറി

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ (ജനറൽ)
3. ലോ ഓഫീസർ
4. കമ്മീഷണർ (തിരുവാഭരണം), ആറന്മുള
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
6. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
8. ഡയറക്ടർ, സാംസ്കാരിക – പുരാവസ്തു വിഭാഗം
9. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
10. ഫെയർ കോപ്പി
11. ഫയൽ ബുക്ക്
12. സെക്ഷൻ ഫയൽ